പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1472 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി -യുടെ പുനഃരുദ്ധാരണവും പെൻഷനും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. രാജഗോപാലൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. അതിന്റെ ഭാഗമായി പുറത്തു നിന്നും കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളെ നിയമിക്കുകയും കൂടാതെ മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും തദ്വാര ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നൽകി കഴിഞ്ഞു. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിൽ മേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും കരട് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്ക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുനസംഘടന ഫലപ്രദമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി, കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്. ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൽ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. -യിൽ ഏത് മാസം വരെയുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സേവന പുസ്തകത്തിൽ അപാകതയില്ലാത്ത 7/2017 വരെ സേവനത്തിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**